24
2026
ജനുവരി
ശനി
മകരം 10

NAUTICAL TIMES
KERALA
The National Daily in Malayalam / English
# നോട്ടിക്കൽ ടൈംസ് കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram | web: www. nauticaltimesmedia.com | Volume-7, Issue No. 25 Page 4, | Price: Rs. 2 | പുസ്തകം-7 ലക്കം-25 | പേജ് 4. വില 2.00 രൂപ

ADMISSION STARTED...!!
CALL 8281702020
STUDY ANIMATION
VFX IN RIGHT CAMPUS!
BSc ANIMATION
MSc AND VISUAL EFFECTS
5 STAR Google Rating
MOHANLAL'S
VISMAYASMAX
ANIMATIONS

കേരള സർക്കാർ
Vizhinjam International Seaport Ltd
Thiruvananthapuram
(A Govt of Kerala Undertaking)
adani
Ports and Logistics
ഒന്നായി തുടരാം നവകേരളത്തിലേക്ക്
വികസന വിസ്മയം വിഴിഞ്ഞം




2026 ജനുവരി 24
വൈകുന്നേരം 4 മണി

ചരിത്രനേട്ടങ്ങൾ കൈവരിച്ച ഒന്നാം ഘട്ടത്തിൽ നിന്ന്
ഇന്ത്യയുടെ സാമ്പത്തിക ഭാവിയെ മാറ്റിമറിക്കുന്ന മാസ്റ്റർ പ്ലാനിലേക്ക്.

കാത്തിരിപ്പില്ല
വികസന കുതിപ്പ് മാത്രം!
യഥാർത്ഥ ലക്ഷ്യം 2045
പുതിയ ലക്ഷ്യം 2028
17 വർഷം മുൻപേ...



നിക്ഷേപം
₹10,000 കോടിയിലധികം
അടുത്ത 3 വർഷത്തിനുള്ളിൽ

ശേഷി
57 ലക്ഷം TEU, നിലവിലെ
ശേഷിയുടെ 5 മടങ്ങ് വർദ്ധന

ബെർത്ത്
2,000 മീറ്റർ, ഒരേ സമയം
5 മദർഷിപ്പുകൾക്ക് അടുക്കാം

ഭാവിസജ്ജം
28,000 TEU വരെ ശേഷിയുള്ള
Next-Gen കപ്പലുകൾക്കും അടുക്കാം

ഉദ്ഘാടനം
ശ്രീ പിണറായി വിജയൻ
ബഹു. മുഖ്യമന്ത്രി

bworld.digital

# സൗജന്യ മരുന്നിനായി അലയേണ്ട: തിരുവനന്തപുരം മെഡിക്കൽ കോളേജിൽ മാതൃകാ ഫാർമസി

## ആരോഗ്യ ഇൻഷുറൻസ് സംയോജിത ഫാർമസി കൗണ്ടർ

തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ വിവിധ ആരോഗ്യ ഇൻഷുറൻസ് പദ്ധതികളിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് മരുന്നുകൾ ലഭ്യമാകുന്ന സംയോജിത ഫാർമസി കൗണ്ടർ സജ്ജമായി. ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജിന്റെ നിർദേശപ്രകാരമാണ് മാതൃകാ ഫാർമസി കൗണ്ടർ സംസ്ഥാനത്ത് ആദ്യമായി ആരംഭിക്കുന്നത്. മന്ത്രി മെഡിക്കൽ കോളേജിൽ സന്ദർശനം നടത്തിയ വേളയിൽ ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് മരുന്നുകൾ ലഭിക്കുന്നതിന് ബുദ്ധിമുട്ട് നേരിടുന്നതായി കൂട്ടിരിപ്പുകാർ പരാതി പറഞ്ഞിരുന്നു. മരുന്നുകൾ പല ഫാർമസികളിൽ നിന്നായി മാത്രമേ കിട്ടുകയുള്ളൂ എന്നതിനാൽ രോഗികൾ ഏറെ ബുദ്ധിമുട്ടിയിരുന്നു. മാത്രമല്ല ഒരു മരുന്ന് ആ ഫാർമസിയിൽ ലഭ്യമല്ലെങ്കിൽ സീൽ വച്ച് നൽകിയാൽ മാത്രമേ അടുത്തയിടത്ത് നിന്നും വാങ്ങാനും കഴിയുമായിരുന്നുള്ളൂ.

ഇക്കാര്യം ബോധ്യപ്പെട്ടതിനെ തുടർന്ന് നടപടി സ്വീകരിക്കാൻ മന്ത്രി നിർദേശം നൽകി. വിവിധ ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിലുള്ളവർക്ക് മരുന്നുകൾ ലഭ്യമാക്കുന്നതിനായി എംപാനൽ ചെയ്ത സ്ഥാപനങ്ങളെ ആരോഗ്യ ഇൻഷറൻസ് പദ്ധതിയുടെ കൗണ്ടറിന് സമീപം തന്നെ സജ്ജീകരിച്ച് ഒരു സ്ഥലത്ത് നിന്ന് തന്നെ മരുന്നുകൾ വിതരണം ചെയ്യുവാനും മന്ത്രി നിർദ്ദേശം നൽകി.

മെഡിക്കൽ കോളേജ് പഴയ ക്യാഷ്വാലിറ്റിക്ക് സമീപമാണ് പുതിയ സംയോജിത ഫാർമസി കൗണ്ടർ സജ്ജമാക്കിയിരിക്കുന്നത്. മരുന്നുകൾ വിതരണം ചെയ്യുവാൻ എംപാനൽ ചെയ്തിട്ടുള്ള മെയിൻ സ്റ്റോർ, കമ്മ്യൂണിറ്റി ഫാർമസി, കാരുണ്യാ ഫാർമസി, എച്ച്.എൽ.എൽ. എന്നിവ ഇവിടെ സജ്ജമാക്കി. ഈ സ്ഥാപനങ്ങൾക്കായി ഒരു സംയോജിത ബില്ലിംഗ് കൗണ്ടറും സ്ഥാപിച്ചിട്ടുണ്ട്. വിവിധ ആരോഗ്യ ഇൻഷുറൻസ് പദ്ധതികളിൽ ഉൾപ്പെട്ട മുഴുവൻ ഗുണഭോക്താക്കൾക്കും ഈ കൗണ്ടറിൽ നിന്നും 24 മണിക്കൂറും മരുന്നുകൾ ലഭ്യമാക്കാനുള്ള സംവിധാനവും ഒരുക്കിയിട്ടുണ്ട്.

ഇതുവഴി ഗുണഭോക്താക്കൾക്ക് ആശുപത്രി ക്യാമ്പസിനുള്ളിൽ വിവിധ സ്ഥലങ്ങൾ സന്ദർശിക്കാതെ ആശുപത്രിയ്ക്കകത്തുള്ള നിലവിലെ ആരോഗ്യ ഇൻഷറൻസ് കൗണ്ടറിന് സമീപം തന്നെ മരുന്നുകൾ സൗജന്യമായി ലഭിക്കും.

ഇന്ത്യയിൽ ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകുന്ന സംസ്ഥാനമാണ് കേരളം. കാസ്പ്, കാരുണ്യ ബനവലന്റ് ഫണ്ട്, ആരോഗ്യകിരണം എന്നിവ വഴി 5 വർഷം കൊണ്ട് 25 ലക്ഷത്തോളം പേർക്ക് ആകെ 8,425 കോടി രൂപയുടെ സൗജന്യ ചികിത്സ നൽകി.

ഈ കാലയളവിൽ കെ.എം.എസ്.സി.എൽ. വഴി നൽകിയത് 3,500 കോടിയോളം രൂപയുടെ സൗജന്യ മരുന്നുകളാണ്. മെഡിക്കൽ കോളേജുകൾ വഴിയാണ് ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകിയിട്ടുള്ളത്.

ഈ 5 വർഷം കൊണ്ട് തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലൂടെ മാത്രം 535.35 കോടി രൂപയുടെ സൗജന്യ ചികിത്സയാണ് നൽകിയത്.

# കെവിഎഎസ്യു അനധ്യാപക തസ്തികളിൽ നിയമനം: വ്യവസ്ഥകൾ പുതുക്കി ഉത്തരവായി

കൽപ്പറ്റ: കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് സർവകലാശാലയിലെ അനധ്യാപക തസ്തികകളിൽ നിയമനത്തിന് വ്യവസ്ഥകൾ പുതുക്കി ഉത്തരവായി. 2025 ജനുവരി രണ്ടിലെ സർക്കാർ ഉത്തരവ് റദ്ദാക്കിയും കേരള പബ്ലിക് സർവീസ് കമ്മീഷൻ നിർദേശിച്ച ഭേദഗതികൾ ഉൾപ്പെടുത്തിയുമാണ് പുതിയ ഉത്തരവ്.

ഉദ്യോഗാർഥികളുടെ യോഗ്യത, പ്രായം, നിയമന രീതി, നിയമനാധികാരി എന്നിവ നിശ്ചയിച്ച് സർക്കാർ പുറപ്പെടുവിച്ച ഉത്തരവാണ് റദ്ദാക്കിയത്.

സർവകലാശാലയിൽ അനധ്യാപക വിഭാഗത്തിൽ ആർട്ടിസ്റ്റ്, കുക്ക് കം കെയർ ടേക്കർ, ലാബ് അസിസ്റ്റൻറ് ഗ്രേഡ്-2,മേട്രൺ ഗ്രേഡ്-2,റേഡിയോഗ്രാഫർ, ടെക്നീഷ്യൻ ഗ്രേഡ്-2,ട്രാക്ടർ ഡ്രൈവർ ഗ്രേഡ്-2 തസ്തികളിലാണ് നേരിട്ട് നിയമനം.

രജിസ്ട്രാറാണ് നിയമനാധികാരി. 36 വയസാണ് പ്രായപരിധി. പട്ടികജാതി-വർഗക്കാർക്കും അർഹതയുള്ള മറ്റു വിഭാഗങ്ങൾക്കും സാധാരണ ഇളവുകൾ ബാധകം.

**യോഗ്യത:**

ആർട്ടിസ്റ്റ്: കേരളത്തിലെ അംഗീകൃത സർവകലാശാലകളിൽനിന്നു ഫൈൻ ആർട്സ് ബിരുദം അല്ലെങ്കിൽ ഡ്രോയിംഗ് ആൻഡ് പെയിൻറിംഗിൽ ഡിപ്ലോമ, അഞ്ച് വർഷത്തെ പ്രവൃത്തി പരിചയം. കവർ ഡിസൈനിംഗിലും ഇല്യുസ്ട്രേഷൻ ജോലികളിലും രണ്ടു വർഷത്തെ പരിചയം അഭികാമ്യം.

കുക്ക് കം കെയർ ടേക്കർ: എസ്എസ്എൽസി പാസ്-തത്തുല്യം, ഫുഡ് പ്രൊഡക്ഷനിൽ കെജിസിഇ.

ലാബ് അസിസ്റ്റൻറ് ഗ്രേഡ്-2: പ്ലസ് ടു-തത്തുല്യം, പൗൾട്രി പ്രൊഡക്ഷൻ/ ഡയറി സയൻസ് ലാബോറട്ടറി ടെക്നിക്സ് ഡിപ്ലോമ.

മേട്രൺ ഗ്രേഡ്-2: അംഗീകൃത സർവകലാശാലയിൽ നിന്നു കൊമേഴ്സിൽ ബിരുദം, രണ്ടുവർഷം പ്രവൃത്തി പരിചയം.

റേഡിയോഗ്രാഫർ: എക്സ് റേ ടെക്നീഷ്യൻ കോഴ്സിൽ ഡിപ്ലോമ, ഒരു വർഷം പ്രവൃത്തി പരിചയം.

ടെക്നീഷ്യൻ ഗ്രേഡ്-2(ഇലക്ട്രിക്കൽ, മെക്കാനിക്കൽ, ഓട്ടോമൊബൈൽ): എസ്എസ്എൽസി പാസ്-തത്തുല്യം, ഐടിഐ/എൻടിസി/എൻഎ ട്രേഡ് സർട്ടിഫിക്കറ്റ്. ട്രാക്ടർ ഡ്രൈവർ: എസ്എസ്എൽസി പാസ്-തത്തുല്യം, ട്രെയിലറോടുകൂടിയ ട്രാക്ടറും പവർ ടില്ലറും ഓടിക്കുന്നതിനു ലൈസൻസ്, നിശ്ചിത കായികക്ഷമത, കേൾവി-കാഴ്ച ശക്തി. ഡ്രൈവിംഗ് പാടവം പ്രായോഗിക പരീക്ഷയിൽ തെളിയിക്കണം. സർക്കാർ, അർധ സർക്കാർ, പൊതുമേഖല, രജിസ്ട്രേഡ് സ്വകാര്യ മേഖലാ സ്ഥാപനങ്ങളിൽ നിന്നാകണം പ്രവൃത്തി പരിചയം.

# സുജ ചന്ദ്രബാബു പാർട്ടി വിട്ടത് ആഘോഷമാക്കി സിപിഎം പ്രവർത്തകർ

കൊല്ലം: സിപിഎം ജില്ലാ കമ്മിറ്റിയംഗം സുജ ചന്ദ്രബാബു പാർട്ടി വിട്ടത് ആഘോഷമാക്കി സിപിഎം പ്രവർത്തകർ. അഞ്ചലിൽ പായസം വച്ചും മധുരം വിതരണം ചെയ്തുമായിരുന്നു സിപിഎം പ്രവർത്തകരുടെ ആഘോഷം.

പാറവിള വാർഡിലെ പ്രവർത്തകരും അഞ്ചൽ ഏരിയാ നേതൃത്വത്തിലെ ചിലരുമായിരുന്നു ആഘോഷ പരിപാടിയുടെ പ്രധാന സംഘാടകർ. മൂന്നുതവണ അഞ്ചൽ ഗ്രാമ പഞ്ചായത്ത് പ്രസിഡൻറ്, ഒരുതവണ അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ, എഐഡബ്ല്യുഎ മുൻ കൊല്ലം ജില്ലാ സെക്രട്ടറി, എഐഡബ്ല്യുഎ സംസ്ഥാന കമ്മിറ്റി അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട് സുജ ചന്ദ്രബാബു.സിപിഎമ്മിൻറെ വർഗീയ നിലപാടുകളിൽ പ്രതിഷേധിച്ചാണ് രാജി എന്നാണ് സുജ ചന്ദ്രബാബു പ്രഖ്യാപിച്ചത്. ഇതിനു പിന്നാലെ മുസ്ലിം ലീഗിൽ സുജ ചേർന്നു.

# സ്പോർട്സ് യോഗ: അപേക്ഷ ക്ഷണിച്ചു

സ്കോൾ-കേരള ഡിപ്ലോമ ഇൻ യോഗിക് സയൻസ് ആന്റ് സ്പോർട്സ് യോഗ കോഴ്സ് ഇൻസ്ട്രക്ടർമാരുടെ പാനലിലേക്ക് ഉദ്യോഗാർഥികളിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. www.scolekerala.org യിൽ Application for Yoga Instructor എന്ന ലിങ്ക് മുഖേന ഓൺലൈനായി 26നകം അപേക്ഷിക്കണം. അംഗീകൃത സർവ്വകലാശാലയിൽ നിന്നും 50 ശതമാനത്തിൽ കുറയാത്ത മാർക്കോടെ എം.എസ്.സി യോഗ, ബാച്ചിലർ ഓഫ് ന്യൂറോപതി ആന്റ് യോഗിക് സയൻസ്, ബാച്ചിലർ ഓഫ് ആയുർവേദിക് മെഡിസിൻ ആന്റ് സർജറി, ആറ് മാസത്തിൽ കുറയാത്ത യോഗ സർട്ടിഫിക്കറ്റ് / ഡിപ്ലോമ കോഴ്സ് യോഗ്യത ഉള്ളവർക്ക് അപേക്ഷിക്കാം. പൊതു അവധി ദിവസങ്ങളിലാണ് ക്ലാസ്. മണിക്കൂർ ഒന്നിന് 300 രൂപ വീതം പ്രതിഫലം ലഭിക്കും. എസ്.എസ്.എൽ.സി, യോഗ്യത സർട്ടിഫിക്കറ്റുകളുടെ പകർപ്പ് ഓൺലൈനായി അപ്ലോഡ് ചെയ്യണം. ഓൺലൈൻ നടപടി പൂർത്തിയാക്കിയതിന്റെ പ്രിന്റ് ഔട്ടും, ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും ഉൾപ്പെടെ അപേക്ഷ സംസ്ഥാന ഓഫീസിലേക്ക് അയക്കണം.

# സ്വർണവില ഒറ്റയടിക്ക് 1,880 രൂപ കുറഞ്ഞു, 1,15,000ന് മുകളിൽ

കൊച്ചി: സംസ്ഥാനത്ത് ചരിത്രത്തിലെ ഏറ്റവും ഉയർന്ന വിലയിലെത്തിയതിനു തൊട്ടുപിന്നാലെ താഴെ വീണ് സ്വർണവില. രാവിലെ 3,960 രൂപ ഉയർന്ന് പുതിയ ഉയരം കുറിച്ച സ്വർണവില ഉച്ചയോടെ 1,880 രൂപയാണ് കുറഞ്ഞത്. 1,15,240 രൂപയാണ് ഒരു പവൻ സ്വർണത്തിൻറെ പുതിയ വില. ഗ്രാമിന് 235 രൂപയാണ് കുറഞ്ഞത്. 14,405 രൂപയാണ് ഒരു ഗ്രാം സ്വർണത്തിൻറെ വില. അതേസമയം, 18 കാരറ്റ് സ്വർണവില ഗ്രാമിന് 195 രൂപ കുറഞ്ഞ് 11,835 രൂപയിലെത്തി.

രാവിലെ 495 രൂപ വർധിച്ച ഗ്രാം വിലയിൽ ഉച്ചയ്ക്ക് 235 രൂപയാണ് കുറഞ്ഞത്. ഇതോടെ വില 14,405 രൂപയായി. 14,640 രൂപയിലായിരുന്നു ഉച്ചയ്ക്ക് ഒന്നരവരെ വ്യാപാരം. പവന് 1,880 രൂപ കുറഞ്ഞ് വില 1,15,240 രൂപയിലെത്തി.

ദിവസങ്ങൾ നീണ്ട കുതിപ്പിനു ശേഷം വ്യാഴാഴ്ച സ്വർണവില താഴേക്കു പോയിരുന്നു. പവന് ഒറ്റയടിക്ക് 1,680 രൂപയും ഗ്രാമിന് 210 രൂപയുമാണ് കുറഞ്ഞത്. സ്വർണവില ബുധനാഴ്ച രണ്ടു തവണകളായി 5,480 രൂപ വർധിച്ചിരുന്നു. മൂന്നാഴ്ചയ്ക്കിടെ പവൻ വിലയിൽ 15,000 രൂപയിലധികമാണ് വർധിച്ചത്.

സ്വർണവില തിങ്കളാഴ്ച ഗ്രാമിന് 175 രൂപയും പവന് 1,400 രൂപയും വർധിച്ചിരുന്നു. ചൊവ്വാഴ്ച ഗ്രാമിന് 95 രൂപയും പവന് 760 രൂപയും വർധിച്ച് സ്വർണവില റിക്കാർഡ് ഉയരത്തിലെത്തിയിരുന്നു. ഇതിനു പിന്നാലെയാണ് ബുധനാഴ്ച വീണ്ടും കുതിച്ചുയർന്നത്.

പുതുവർഷത്തിൽ കുതിപ്പോടെ തുടങ്ങിയ സ്വർണവില ഈമാസം അഞ്ചിന് പവന് ഒറ്റയടിക്ക് 1,160 രൂപയും ഗ്രാമിന് 145 രൂപയും വർധിച്ച് വീണ്ടും ഒരു ലക്ഷം പിന്നിട്ടിരുന്നു. ഇതിനു പിന്നാലെയാണ് കുതിപ്പും കിതപ്പുമായി മുന്നോട്ടുപോയത്.

2025 ജനുവരിയിൽ 57,000 രൂപ മാത്രമായിരുന്ന വിലയാണ് വർഷാവസാനം ലക്ഷം ഭേദിച്ചത്.

2025 ജനുവരി 22-നാണ് പവൻ വില ആദ്യമായി 60,000 കടന്നത്. 31ന് പവന് ഒറ്റയടിക്ക് 960 രൂപ ഉയർന്ന് 61,000 രൂപയെന്ന പുതിയ ഉയരം താണ്ടി. ഫെബ്രുവരി ഒന്നിന് ഒരു പവൻ സ്വർണത്തിന് 61,960 രൂപയായിരുന്നു വില.

നാലിന് ഒറ്റയടിക്ക് 840 രൂപ ഉയർന്ന് 62,000 രൂപ പിന്നിട്ടു. തൊട്ടുപിന്നാലെ അഞ്ചിന് 760 രൂപ ഉയർന്ന് 63,000 രൂപയും കടന്നു. പിന്നീട് 11ന് 640 രൂപ ഉയർന്ന് 64,000 രൂപയെന്ന പുതിയ നാഴികക്കല്ലും പിന്നിട്ടു.

# നിയമധ്വനി വെബ്സൈറ്റിൽ ലഭിക്കും

സുപ്രീംകോടതിയുടെയും കേരള ഹൈക്കോടതിയുടെയും സുപ്രധാന വിധിന്യായങ്ങൾ മലയളത്തിലേക്ക് പരിഭാഷപ്പെടുത്തി നിയമവകുപ്പിൽ നിന്നും പ്രസിദ്ധീകരിക്കുന്ന ജേണലായ നിയമധ്വനിയുടെ വാല്യം 9 ഇഷ്യൂ 1-ന്റെ സോഫ്റ്റ്കോപ്പി നിയമ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭിക്കും.

# അപേക്ഷ ക്ഷണിച്ചു

തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ പീഡിയാട്രിക് വിഭാഗത്തിനു കീഴിലെ കളങ്ങ പ്രോജക്ടിലെ പ്രോജക്ട് ടെക്നിക്കൽ സപ്പോർട്ട് (2 ഒഴിവ്) തസ്തികയിൽ കരാർ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. പ്രായപരിധി 35 വയസോ അതിൽ താഴെയോ. മൈക്രോബയോളജി / ലാബ് ടെക്നോളജിൽ ഡിഗ്രിയും ക്ലിനിക്കൽ ഡാറ്റാ കളക്ഷനിലും ഡാറ്റാ എൻട്രിയിലും പ്രവൃത്തി പരിചയവുമാണ് യോഗ്യത. പ്രതിമാസ വേതനം: 28,000 + എച്ച്ആർഎ. നിശ്ചിത യോഗ്യതയുള്ളവർ ജനന തീയതി, വിദ്യാഭ്യാസ യോഗ്യത, പ്രവർത്തി പരിചയം, മേൽവിലാസം എന്നിവ തെളിയിക്കുന്ന സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം ഫെബ്രുവരി 3 രാവിലെ 11 ന് തിരുവനന്തപുരം മെഡിക്കൽ കോളേജ് പ്രിൻസിപ്പാളിന്റെ കാര്യാലയത്തിൽ നേരിട്ട് ഹാജരാകണം.

# മാസ്റ്റർ ഓഫ് ഒപ്റ്റോമെട്രി കോഴ്സ്: പ്രവേശനത്തിന് അപേക്ഷിക്കാം

കേരള സർക്കാർ അംഗീകരിച്ച പ്രോസ്പെക്ടസ്സ് പ്രകാരം 2025 അദ്ധ്യയന വർഷത്തെ മാസ്റ്റർ ഓഫ് ഒപ്റ്റോമെട്രി കോഴ്സിന് അപേക്ഷിക്കാം. അപേക്ഷാഫീസ് പൊതുവിഭാഗത്തിനു 1200 രൂപയും പട്ടികജാതി/ പട്ടികവർഗ വിഭാഗത്തിന് 600 രൂപയുമാണ്. അപേക്ഷകർക്ക് ഫെബ്രുവരി 5 വരെ ഓൺലൈൻ വഴിയോ വെബ്സൈറ്റ് വഴി ഡൗൺലോഡ് ചെയ്ത ചെല്ലാൻ ഉപയോഗിച്ച് ഫെഡറൽ ബാങ്കിന്റെ ഏതെങ്കിലും ശാഖ വഴിയോ അപേക്ഷാഫീസ് അടയ്ക്കാം. വ്യക്തിഗത അക്കാദമിക വിവരങ്ങൾ ഓൺലൈൻ ആയി www.lbscentre.kerala.gov.in ൽ രജിസ്റ്റർ ചെയ്യാം. യോഗ്യത സർട്ടിഫിക്കറ്റുകൾ ഓൺലൈൻ ആപ്ലിക്കേഷൻ സമർപ്പിക്കുന്ന അവസരത്തിൽ അപ്ലോഡ് ചെയ്യാവുന്നതാണ്.

കേരളത്തിലെ ആരോഗ്യ സർവകലാശാല അംഗീകരിച്ച ബി.എസ്സി. ഒപ്റ്റോമെട്രി കോഴ്സ് / അംഗീകൃത സർവകലാശാലയിൽ നിന്നുള്ള തത്തുല്യ ബിരുദം. പൊതു വിഭാഗത്തിന് 50 ശതമാനം മാർക്കും പട്ടികജാതി പട്ടിക വർഗ/എസ്.ഇ.ബി.സി വിഭാഗക്കാർക്ക് 45 ശതമാനം മാർക്കും ഉണ്ടായിരിക്കണം. ഇന്റേൺഷിപ്പ് ചെയ്തുകൊണ്ടിരിക്കുന്നവർക്കും അപേക്ഷിക്കാം. എന്നാൽ പ്രവേശനസമയത്ത് യോഗ്യതാ പരീക്ഷ വിജയിച്ചിരിക്കണം. യോഗ്യതാ പരീക്ഷയുടെ മാർക്കിന്റെ അടിസ്ഥാനത്തിൽ എൽ.ബി.എസ് സെന്റർ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും ഒരു കേന്ദ്രീകൃത അലോട്ട്മെന്റിലൂടെയായിരിക്കും കോഴ്സ് പ്രവേശനം. കൂടുതൽ വിവരങ്ങൾക്ക്: 0471 2560361, 362, 363, 364.

# വീട് കൈയേറി അയൽവാസിയുടെ മതിൽ; പൊളിച്ച് മാറ്റാൻ പറഞ്ഞതോടെ സ്ത്രീപീഡനത്തിന് വ്യാജ പരാതി

കൊച്ചി: തൻറെ സ്ഥലം കൈയേറി മതിൽ കെട്ടിയ അയൽവാസി സ്ത്രീപീഡനത്തിന് വ്യാജ പരാതി നൽകിയതായി കൊച്ചി പച്ചാളം സ്വദേശി സെബാസ്റ്റ്യൻ. വർഷങ്ങളായി നൽകിയ പരാതിക്ക് കൃത്യമായ മറുപടികളൊന്നും ലഭിക്കാത്തതിനെ തുടർന്നാണ് സെബാസ്റ്റ്യൻ മനുഷ്യാവകാശ കമ്മീഷന് മുന്നിലെത്തിയത്.

തനിക്ക് തൻറെ സ്ഥലം വേണമെന്ന് മുൻ ബിഎസ്എൻഎൽ ജീവനക്കാരൻ കൂടിയായ സെബാസ്റ്റ്യൻ ദീപിക ഓൺലൈനിനോട് പ്രതികരിച്ചു.

ലൂർദ്സ് ആശുപത്രിയുടെ വടക്കുവശം സ്കൂൾപടിയിലാണ് സെബാസ്റ്റ്യൻറെ വീട്. മുഖ്യമന്ത്രിയുടെ കരുതലും കൈത്താങ്ങും, ചീഫ് മിനിസ്റ്റർ വിത്തു യു തുടങ്ങിയ പരിപാടികളിൽ പരാതി നൽകിയിരുന്നു. എന്നാൽ ഇതിലൊന്നും മറുപടി ലഭിച്ചിട്ടില്ലെന്നും സെബാസ്റ്റ്യൻ പറയുന്നത്.

അയൽവാസി പഴയ മതിൽ പൊളിച്ചു മാറ്റി പുതിയ സ്നേഹമതിൽ കെട്ടി. അത് തൻറെ കോമ്പൗണ്ടിലേക്ക് കടത്തിയാണ് കെട്ടിയിരിക്കുന്നത്. ഞാൻ പരാതിപ്പെട്ടപ്പോൾ പണിക്കാർക്ക് തെറ്റുപറ്റി, അത് പൊളിച്ചു മാറ്റാമെന്ന് സമ്മതിച്ചതാണ്.

എന്നാൽ മതിൽ പൊളിച്ചു മാറ്റിയില്ല. അതുകൊണ്ട് ഞാൻ മുഖ്യമന്ത്രിയുടെ കരുതലും കൈത്താങ്ങും എന്ന പരിപാടിയിൽ പരാതി നൽകി. അങ്ങനെ കേസ് വില്ലേജ് ഓഫീസർക്ക് കൈമാറി. പലയാവർത്തി ബന്ധപ്പെട്ട ശേഷം വില്ലേജ് ഓഫീസർ സ്ഥലത്തെത്തി പരിശോധന നടത്തി.

ഞാൻ ആദ്യം കെട്ടിയ മതിൽ പൊളിച്ചു മാറ്റിയാണ് പുതിയ മതിൽ കെട്ടിയിരിക്കുന്നത് എന്ന് അയാൾക്ക് മനസിലായി. ഇത് മൂന്ന് ദിവസത്തിനകം പൊളിച്ചു മാറ്റണമെന്ന് പറഞ്ഞാണ് വില്ലേജ് ഓഫീസർ പോയത്.

എന്നാൽ മതിൽ പൊളിച്ചു മാറ്റിയില്ല. മാത്രമല്ല, മൂന്നാല് ദിവസം കഴിഞ്ഞപ്പോൾ സുഗതൻ എന്ന അയൽക്കാരൻറെ ഭാര്യ എനിക്കെതിരെ ടൗൺ നോർത്ത് സ്റ്റേഷനിൽ പരാതി നൽകി. ഞാനും വില്ലേജ് ഓഫീസറും പോയപ്പോൾ ഒച്ചവച്ച് സംസാരിച്ചത് ബുദ്ധിമുട്ടുണ്ടാക്കി എന്നൊരു കള്ള പരാതി നൽകി.

വനിത പോലീസ് സ്റ്റേഷനിൽ നിന്നും എന്നെ വിളിപ്പിച്ചു. അവര് എഴുതിയതിൽ ഒപ്പിടാൻ പറഞ്ഞു. ഞാൻ സമ്മതിച്ചില്ല. പോലീസ് കംപ്ലയ്ൻറ് അതോറിറ്റിയുടെ ഹിയറിംഗ് ഉണ്ടായിരുന്നു. ഞാൻ അവിടെ പരാതി നൽകി. എന്നാൽ ഉയർന്ന പോലീസ് ഉദ്യോഗസ്ഥർക്ക് എതിരെയുള്ള പരാതികൾ മാത്രമേ സ്വീകരിക്കുകയുള്ളുവെന്ന് അവർ മറുപടി പറഞ്ഞു.

താലൂക്ക് ഓഫീസിൽ നിന്നും അധികാരികൾ എത്തി സർവേ നടത്തി. ആകെ നാല് സെൻറ് സ്ഥലമേയുള്ളു. അതിനുശേഷം ഇതുവരെ ഒരു വിവരവുമില്ല. അതിനെ കുറിച്ച് അന്വേഷിക്കുമ്പോൾ ആ ഫയൽ പല സ്ഥലത്തും പോയതായി പറയും.

2024ൽ കരുതലും കൈത്താങ്ങും പരിപടിയിൽ പരാതി നൽകി. അതിനുശേഷം ചീഫ് മിനിസ്റ്റർ വിത്ത് യു എന്ന പരിപാടിയിലും പരാതി നൽകി. കളക്ടറേറ്റിലെ നോഡൽ ഓഫീസർക്ക് റെഫർ ചെയ്തിട്ടുണ്ട് എന്ന് അറിയിച്ചെങ്കിലും ഇതുവരെ മറുപടിയൊന്നും വന്നിട്ടില്ല.

എൻറെ സ്ഥലം ഇപ്പോഴും കൈയേറി വച്ചിരിക്കുകയാണ്. ഇപ്പോൾ അയൽവാസിയുടെ ഭാര്യ പറയുന്നത്, നിങ്ങളുടെ കോമ്പൗണ്ടിലെ മതിൽ നിങ്ങൾ എടുത്തോ എന്നാണ്. എനിക്ക് അവരുടെ മതിൽ ആവശ്യമില്ല. എനിക്ക് എൻറെ സ്ഥലമാണ് വേണ്ടതെന്നും സെബാസ്റ്റ്യൻ പറഞ്ഞു.

# പിന്നാക്ക കമ്മീഷൻ സിറ്റിംഗ്

കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ ജനുവരി 28 രാവിലെ 11ന് എറണാകുളം മറൈൻ ഡ്രൈവിലുള്ള പിഡബ്ല്യുഡി റസ്റ്റ് ഹൗസിൽ സിറ്റിംഗ് നടത്തും. മൺപാത്ര നിർമ്മാണ വിഭാഗത്തിൽപ്പെടുന്ന കുലാല, കുലാല നായർ വിഭാഗങ്ങളും കുശവൻ വിഭാഗവും ഒന്നാണോ എന്നതിൽ ഉപദേശം നൽകുന്നത് സംബന്ധിച്ച വിഷയം, ഇല്ലത്ത് പിള്ള വിഭാഗത്തെ സംസ്ഥാന പിന്നാക്ക വിഭാഗ പട്ടികയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച വിഷയം, പാലക്കാട് ജില്ലയുടെ കിഴക്കൻ മേഖലയിൽ താമസിച്ചുവരുന്ന തമിഴ് ക്രിസ്തീയ വന്നിയ സമുദായക്കാർക്ക് സമുദായ സർട്ടിഫിക്കറ്റ് കിട്ടുന്നില്ലെന്ന പരാതി എന്നിവ സിറ്റിങ്ങിൽ പരിഗണിക്കും. കമ്മീഷൻ ചെയർമാൻ ജസ്റ്റിസ് ജി. ശശിധരൻ, മെമ്പർ ഡോ. ബെന്നറ്റ് സൈലം, കമ്മീഷൻ മെമ്പർ സെക്രട്ടറി എന്നിവർ പങ്കെടുക്കും.

# സ്കോൾ – കേരള വീഡിയോ ചിത്രീകരണത്തിന് ക്വട്ടേഷൻ ക്ഷണിച്ചു

സ്കോൾ-കേരള ആരംഭിക്കുന്ന പുതിയ ഓൺലൈൻ ക്ലാസിനായി വീഡിയോ ചിത്രീകരിക്കുന്നതിന് ഓൺലൈൻ ക്ലാസുകൾ ചിത്രീകരിച്ച് പരിചയമുള്ള ഏജൻസികളിൽ നിന്നും/ വ്യക്തികളിൽ നിന്നും ക്വട്ടേഷനുകൾ ക്ഷണിച്ചു. 30 മിനിട്ട് ദൈർഘ്യമുള്ള ഒരു എപ്പിസോഡ് ദൃശ്യത്തിലും ശബ്ദത്തിലും നല്ല ഗുണനിലവാത്തോടെ നിർമ്മാണം പൂർത്തിയാക്കി കൈമാറുന്നതിനുള്ള ചെലവ് ക്വട്ടേഷനിൽ വ്യക്തമാക്കണം. ക്വട്ടേഷനുകൾ, സെക്രട്ടറി, സ്കോൾ-കേരള, വിദ്യാഭവൻ, പൂജപ്പുര പി.ഒ, തിരുവനന്തപുരം പി.ഒ., പിൻ- 695012 വിലാസത്തിൽ ജനുവരി 27 വൈകിട്ട് 3ന് മുമ്പായി നേരിട്ടോ സ്പീഡ് പോസ്റ്റ് മുഖനയോ ലഭിക്കും വിധം സമർപ്പിക്കണം. വിശദവിവരങ്ങൾക്ക്: www.scolekerala.org.

# സഹ്യാദ്രി പരിസ്ഥിതി സമ്മേളനത്തിന് ശനിയാഴ്ച തൃക്കൈപ്പറ്റയിൽ തുടക്കം

കൽപ്പറ്റ: വയനാട് പ്രകൃതി സംരക്ഷണ സമിതി, ഹ്യൂം സെൻറർ ഫോർ ഇക്കോളജി ആൻഡ് വൈൽഡ് ലൈഫ് ബയോളജി, നൻമമരം കൂട്ടായ്മ എന്നിവ സയുക്തമായി സംഘടിപ്പിച്ച ത്രിദിന സഹ്യാദ്രി പരിസ്ഥിതി സമ്മേളനം ശനിയാഴ്ച വയനാട് തൃക്കൈപ്പറ്റ ഉറവ് ബാംബു ഗ്രോവിൽ ആരംഭിക്കും.

സംസ്ഥാനത്തിൻറെ വിവിധ ഭാഗങ്ങളിൽനിന്നുള്ള പരിസ്ഥിതി സംഘടനാ പ്രതിനിധികൾ, ശാസ്ത്രജ്ഞർ തുടങ്ങിയവർ പങ്കെടുക്കും. രാവിലെ 9.30ന് ഗോവ പീസ് ഫൗണ്ടേഷൻ ഡയറക്ടർ കുമാർ കലാനന്ദ് മണി ഉദ്ഘാടനം ചെയ്യും.

പശ്ചിമഘട്ടത്തിൻറെ നാശവും പുനരുജ്ജീവനവും, ഇന്ത്യയിൽ അതിവേഗം മാറ്റുന്ന പരിസ്ഥിതി നിയമങ്ങൾ, വികസന നയങ്ങൾ, തീരദേശ പരിസ്ഥിതിയും വെല്ലുവിളികളും, നാടൻ മരുന്നുകളുടെ നാശം, തണ്ണീർത്തടങ്ങൾ, മനുഷ്യ-വന്യജീവി സംഘർഷം തുടങ്ങിയ വിഷയങ്ങൾ സമ്മേളനം ചർച്ച ചെയ്യും.

സെൻട്രൽ എംപവേഡ് കമ്മിറ്റി മുൻ അംഗം മഹേന്ദ്ര വ്യാസ്, നാഷണൽ വൈൽഡ് ലൈഫ് ബോർഡ് മുൻ അംഗം പ്രവീൺ ഭാർഗവ്, മുൻ ചീഫ് വൈൽഡ് ലൈഫ് വാർഡൻ പ്രകൃതി ശ്രീവാസ്തവ, കെഎഫ്ആർഐ മുൻ ഡയറക്ടർ ഡോ. സി. എസ്. ഈസ, കെഎഫ്ആർഐ ചീഫ് സയൻറിസ്റ്റ് ഡോ. ടി. വി. സജീവ്, കുഫോസ് വൈസ് ചാൻസലർ ഡോ. കെ. ബിജുകുമാർ, ഡോ. കെ. വി. തോമസ്, ഫോറസ്ട്രി കോളജ് മേധാവി ഡോ. നമീർ, സീക്ക് ഡയറക്ടർ ടി. പി. പദ്മനാഭൻ, കെ. സഹദേവൻ, ഫിഷ് എക്സ്പേർട്ട് ഡോ. സി. പി. ഷാജി, ഡോ. ജാഫർ പാലോട്, ഡോ. ഉഷ, ഡോ. ശ്രീധർ രാധാകൃഷ്ണൻ, ഡോ. എബി ജോർജ് തുടങ്ങിയവർ വിവിധ സെഷനുകൾക്ക് നേതൃത്വം നൽകും.

# ജൂനിയർ ഇൻസ്ട്രക്ടർ ഇൻ ടെയ്ലറിങ് ഒഴിവ്

തിരുവനന്തപുരം കൈമനത്തുള്ള സർക്കാർ വനിതാ പോളിടെക്നിക് കോളേജിന്റെ നിയന്ത്രണ പരിധിയിൽ ബാലരാമപുരം തേമ്പാമുട്ടത്ത് പ്രവർത്തിക്കുന്ന ഗവൺമെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ഡിസൈനിങ് സെന്ററിൽ 2025-26 അധ്യയന വർഷത്തിൽ ഒഴിവുള്ള ജൂനിയർ ഇൻസ്ട്രക്ടർ ഇൻ ടെയ്ലറിങ് (ജി.ഐ.എഫ്.ഡി) തസ്തികയിലേക്ക് ദിവസ വേതനാടിസ്ഥാനത്തിൽ താൽക്കാലിക നിയമനം നടത്തും. എസ്.എസ്.എൽ.സി & കെ.ജി.റ്റി.ഇ ടെയിലറിങ്, എംബ്രോയിഡറി & നീഡിൽ വർക്ക് (ലോവർ & ഹയർ) എന്നിവയാണ് യോഗ്യത. തത്തുല്യ/ ഉയർന്ന യോഗ്യതകൾ: ക്ലോത്തിങ് & എംബ്രോയിഡറിയിൽ വി.എച്ച്.എസ്.ഇ, ഫാഷൻ ടെക്നോളജിയിൽ ഐ.ടി.ഐ/ ഐ.ടി.സി, ഡ്രസ് മേക്കിങ്ങിൽ എൻ.ടി.സി, ടെക്സ്റ്റൈൽ ടെക്നോളജിയിൽ പോളിടെക്നിക് ഡിപ്ലോമ, ഫാഷൻ ഡിസൈനിങ്ങിൽ അഡ്വാൻസ്ഡ് ഡിപ്ലോമ, ബി.എസ്സി. ഫാഷൻ ടെക്നോളജി, ബി.എസ്സി. കോസ്റ്റ്യൂമ്സ് ആൻഡ് ഫാഷൻ ഡിസൈനിങ്, ബി.എസ്സി. ഫാഷൻ & അപ്പാരൽ ഡിസൈനിങ്, ബി.എസ്സി. കോസ്റ്റ്യൂം ഡിസൈൻ & ഫാഷൻ, എം.എസ്സി. ഫാഷൻ ടെക്നോളജി.

ഉദ്യോഗാർഥികൾ ബയോഡേറ്റ, വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തി പരിചയം എന്നിവ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകൾ സഹിതം 27ന് രാവിലെ 10ന് സ്ഥാപന മേധാവി (പ്രിൻസിപ്പൽ, സർക്കാർ വനിതാ പോളിടെക്നിക് കോളേജ്, തിരുവനന്തപുരം) മുമ്പാകെ അഭിമുഖത്തിന് ഹാജരാകണം.

# ചീഫ് ഫിനാൻഷ്യൽ ഓഫീസർ ഒഴിവ്

ക്ലീൻ കേരള കമ്പനിയുടെ ആസ്ഥാന കാര്യാലയത്തിൽ ഒഴിവുള്ള ചീഫ് ഫിനാൻഷ്യൽ ഓഫീസറുടെ ഒരു ഒഴിവിലേക്ക് കരാറടിസ്ഥാനത്തിൽ നിയമിക്കുന്നതിനായി അപേക്ഷ ക്ഷണിച്ചു. അപേക്ഷകൾ ഫെബ്രുവരി 11നകം സമർപ്പിക്കണം. വിശദവിവരങ്ങൾക്ക്: ഫോൺ: 0471 2724600, വെബ്സൈറ്റ്: www.cleankeralacompany.com. മേൽവിലാസം: മാനേജിംഗ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ്, സ്റ്റേറ്റ് മുനിസിപ്പൽ ഹൗസ്, വഴുതക്കാട്, തിരുവനന്തപുരം 10.

24 2026 ജനുവരി ശനി മകരം 10

NAUTICAL TIMES KERALA

The National Daily in Malayalam / English

നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com

RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-7, Issue No. 25 Page 4, Price: Rs. 2 പുസ്തകം-7 ലക്കം-25 പേജ് 4. വില 2.00 രൂപ




02 സൗജന്യ മരുന്നിനായി അലയേണ്ട: തിരുവനന്തപുരം മെഡിക്കൽ കോളേജിൽ മാതൃകാ ഫാർമസി

03 വിഴിഞ്ഞം തുറമുഖം: രണ്ടാംഘട്ട നിർമാണ ഉദ്ഘാടനം ഇന്ന്

04 ഭൂപടം മാറ്റി വരയ്ക്കേണ്ടി വരും! വിള്ളൽ കൂടുന്നു,ആഫ്രിക്ക പിളരുന്നു

# വിവിധ പദ്ധതികൾ പ്രധാനമന്ത്രി നാടിന് സമർപ്പിച്ചു



സംസ്ഥാനത്ത് നടപ്പിലാക്കുന്ന വിവിധ കേന്ദ്ര പദ്ധതികളുടെ തറകല്ലിടലും, സംസ്ഥാനത്തിന് അനുവദിച്ച അമൃത് ഭാരത് എക്സ്പ്രസുകൾ ഉൾപ്പടെയുള്ള നാല് പുതിയ ട്രെയിനുകളുടെ ഫ്ളാഗ് ഓഫും തിരുവനന്തപുരത്ത് പ്രധാനമന്ത്രി നരേന്ദ്ര മോദി നിർവഹിച്ചു.

വികസിത കേരളത്തിലൂടെ മാത്രമേ വികസിത ഭാരതം എന്ന സ്വപ്നം പൂർത്തിയാക്കാൻ സാധിക്കുകയുള്ളൂവെന്ന് പ്രധാനമന്ത്രി പറഞ്ഞു. തിരുവനന്തപുരത്തെ രാജ്യത്തെ വലിയൊരു സ്റ്റാർട്ടപ്പ് കേന്ദ്രമായി മാറ്റുന്നതിനുള്ള ആദ്യഘട്ട പ്രവർത്തനങ്ങൾക്ക് തുടക്കമാവുകയാണ്. വികസിത ഭാരതത്തിന്റെ നിർമ്മാണത്തിൽ നഗരങ്ങൾക്ക് വലിയ പങ്കുണ്ടെന്ന് പ്രധാനമന്ത്രി അറിയിച്ചു.

തിരുവനന്തപുരം – താംബരം, തിരുവനന്തപുരം – ചാർലപ്പള്ളി, നാഗർകോവിൽ – മംഗളൂരു അമൃത് ഭാരത് എക്സ്പ്രസുകളും, ഗുരുവായൂർ – തൃശൂർ പാസഞ്ചർ തുടങ്ങിയ നാലു ട്രെയിനുകൾ പ്രധാനമന്ത്രി വീഡിയോ കോൺഫറൻസിങ്ങിലൂടെ ഫ്ലാഗ് ഓഫ് ചെയ്തു. പാപ്പനംകോട് സിഎസ്ഐആർ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇന്റർഡിസിപ്ലിനറി സയൻസ് ആൻഡ് ടെക്നോളജി (ചകകടഠ) ക്യാംപസിലെ ഇന്നവേഷൻ ടെക്നോളജി ആൻഡ് ഓൺട്രപ്രേണർഷിപ്പ് ഹബ്ബിന്റെയും, ശ്രീ ചിത്രതിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആൻഡ് ടെക്നോളജിയുടെ റേഡിയോ സർജറി സെന്ററിന്റെയും, പൂജപ്പുര ഹെഡ് പോസ്റ്റ് ഓഫീസ് കെട്ടിടത്തിന്റെയും തറക്കല്ലിടലും നിർവഹിച്ചു.

പി.എം. സ്വനിധിയുടെ ക്രെഡിറ്റ് കാർഡും, ഒരു ലക്ഷം ഗുണഭോക്താക്കൾക്കുള്ള വായ്പ വിതരണ പദ്ധതിയും അദ്ദേഹം ഉദ്ഘാടനം ചെയ്തു.

നഗരങ്ങളിലെ സാധാരണക്കാരുടെ ഉന്നമനത്തിനായി പ്രധാനമന്ത്രി ആവാസ് യോജന വഴി രാജ്യത്ത് നാലു കോടി വീടുകൾ നിർമ്മിച്ചു നൽകി. ഇതിൽ ഒരു കോടിയിലധികം വീടുകൾ ലഭിച്ചത് നഗരപ്രദേശത്തെ ജനങ്ങൾക്കാണ്. ഈ പദ്ധതിയിലൂടെ കേരളത്തിൽ 2.5 ലക്ഷം നഗരവാസികൾക്ക് സുരക്ഷിതമായ വീടുകൾ ലഭിച്ചിട്ടുണ്ട്. കൂടാതെ, സൗജന്യ വൈദ്യുതിക്കായി പി.എം സൂര്യഘർ യോജനയും, പാവപ്പെട്ടവർക്ക് 5 ലക്ഷം രൂപയുടെ സൗജന്യ ചികിത്സയും ഉറപ്പാക്കുന്നുണ്ട്. 12 ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ളവരെ ആദായ നികുതിയിൽ നിന്നും ഒഴിവാക്കിയത് സാധാരണക്കാർക്ക് വലിയ ആശ്വാസമാണ് നൽകുന്നത്.

വഴിയോര കച്ചവടക്കാർക്കായി ആവിഷ്കരിച്ച പ്രധാനമന്ത്രി സ്വനിധി പദ്ധതിയിലൂടെ ലക്ഷക്കണക്കിന് ആളുകൾക്ക് ബാങ്ക് വായ്പ സാധ്യമാക്കി. കച്ചവടക്കാർക്ക് ക്രെഡിറ്റ് കാർഡുകൾ നൽകുന്ന പദ്ധതിക്കും തുടക്കമായി. സമ്പന്നരുടെ കൈകളിൽ മാത്രം ഉണ്ടായിരുന്ന ക്രെഡിറ്റ് കാർഡ് ഇപ്പോൾ സാധാരണക്കാരായ വഴിയോര കച്ചവടക്കാർക്കും ലഭ്യമായിരിക്കുകയാണെന്ന് പ്രധാനമന്ത്രി പറഞ്ഞു.ചടങ്ങിൽ പ്രധാനമന്ത്രിയ്ക്ക് മുഖ്യമന്ത്രി പിണറായി വിജയൻ സ്വാഗതം ആശംസിച്ചു. അമൃത് ഭാരത് ട്രെയിനുകളടക്കം ലഭിച്ചത് കേരളത്തെ സംബന്ധിച്ചിടത്തോളം വലിയ പ്രാധാന്യമുള്ളതാണെന്നും സംസ്ഥാന സർക്കാരിന് വലിയ സംതൃപ്തി നൽകുന്ന നിമിഷമാണിതെന്നും മുഖ്യമന്ത്രി പറഞ്ഞു. സംസ്ഥാനത്ത് നടപ്പിലാക്കുന്ന ഈ കേന്ദ്ര പദ്ധതികൾക്ക് അനുമതി നൽകിയതിന് പ്രധാനമന്ത്രിയോടുള്ള നന്ദി അദ്ദേഹം അറിയിച്ചു. കേരളം ഉന്നയിച്ചിട്ടുള്ള മറ്റ് വിവിധ ആവശ്യങ്ങളും സമയബന്ധിതമായി നടപ്പിലാക്കാൻ പ്രധാനമന്ത്രിയുടെ ഇടപെടൽ പ്രതീക്ഷിക്കുന്നതായും മുഖ്യമന്ത്രി പറഞ്ഞു.ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ, കേന്ദ്ര റെയിൽവേ വകുപ്പ് സഹമന്ത്രി വി സോമണ്ണ, കേന്ദ്ര ന്യൂനപക്ഷകാര്യ – ക്ഷീരവികസന വകുപ്പ് സഹമന്ത്രി ജോർജ് കുര്യൻ, സംസ്ഥാന തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം.ബി. രാജേഷ്, മേയർ വി വി രാജേഷ് തുടങ്ങിയവർ പങ്കെടുത്തു.

## വിഴിഞ്ഞം തുറമുഖം: രണ്ടാംഘട്ട നിർമാണ ഉദ്ഘാടനം ഇന്ന്



തിരുവനന്തപുരം: വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ രണ്ടാം ഘട്ട നിർമാണ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം ശനിയാഴ്ച മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. വൈകുന്നേരം നാലിന് ചേരുന്ന യോഗത്തിൽ കേന്ദ്ര തുറമുഖമന്ത്രി സർബാനന്ദ സോനോവാൾ മുഖ്യാതിഥിയാകും. രണ്ടാംഘട്ടത്തിൽ തുറമുഖശേഷി 10 ലക്ഷം ടിഇയുവിൽ നിന്ന് 50 ലക്ഷം ടിഇയുവായി ഉയരുമെന്ന് മന്ത്രി വി. എൻ. വാസവൻ പറഞ്ഞു. ബെർത്ത് 800 മീറ്ററിൽനിന്ന് 2000 മീറ്ററായും ബ്രേക്ക് വാട്ടർ മൂന്നു കിലോമീറ്ററിൽനിന്ന് നാലായും വർധിക്കും. രണ്ടാംഘട്ടത്തിലെ ആകെ നിക്ഷേപം 9700 കോടിരൂപയാണ്. ഈ ഘട്ടം പൂർത്തിയാകുമ്പോൾ തുറമുഖത്ത് കണ്ടെയ്നറുകൾ എത്തിക്കാനും കയറ്റുമതി ചെയ്യാനുമാകും. രണ്ടാംഘട്ട വികസനത്തിന് അധികമായി ഭൂമി ഏറ്റെടുക്കേണ്ടിവരില്ല. 55 ഹെക്ടർ ഭൂമി കടൽ നികത്തിയെടുക്കും. യാർഡിൽ സൂക്ഷിക്കാവുന്ന കണ്ടെയ്നറുകളുടെ എണ്ണം 35000ൽ നിന്ന് ഒരു ലക്ഷമായി ഉയരും. ഒരേ സമയം നാല് മദർഷിപ് വിഴിഞ്ഞത്ത് അടുപ്പിച്ച് ചരക്കു കൈമാറാമെന്നും മന്ത്രി വ്യക്തമാക്കി.




അമൃത സ്കൂൾ ഓഫ് ബയോടെക്നോളജിയുടെയും സെന്റർ ഓഫ് എക്സലൻസ് ഇൻ മൈക്രോബയോമിന്റെയും പ്രതിനിധികൾ ഭാവി സഹകരണങ്ങൾക്കായി ധാരണാപത്രങ്ങൾ കൈമാറുന്നു

## ശബരിമല സ്വർണക്കൊള്ളക്കേസ്; മുരാരി ബാബുവിന് ജാമ്യം

തിരുവനന്തപുരം: ശബരിമല സ്വർണക്കൊള്ളക്കേസിൽ മുൻ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ മുരാരി ബാബുവിന് ജാമ്യം.

ദ്വാരപാലക കേസിലും കട്ടിളപ്പാളി കേസിലും കോടതി ജാമ്യം അനുവദിച്ചു. അറസ്റ്റിലായി 90 ദിവസങ്ങൾക്ക് ശേഷമാണ് കൊല്ലം വിജിലൻസ് കോടതി സ്വാഭാവിക ജാമ്യം അനുവദിച്ചത്.

രണ്ട് കേസുകളിലും മുരാരി ബാബു സ്വാഭാവിക ജാമ്യം തേടിയിരുന്നു. ജാമ്യാപേക്ഷകളിൽ ഇന്നലെ വാദം പൂർത്തിയായിരുന്നു.

സ്വർണക്കൊള്ള കേസിൽ ജാമ്യം കിട്ടി പുറത്തിറങ്ങുന്ന ആദ്യ പ്രതിയാണ് മുരാരി ബാബു. നേരത്തെ ഒന്നാം പ്രതി ഉണ്ണി കൃഷ്ണൻ പോറ്റിക്ക് ദ്വാരപാലക കേസിൽ സ്വാഭാവിക ജാമ്യം അനുവദിച്ചിരുന്നു. എന്നാൽ, കട്ടിളപ്പാളി കേസിൽ 90 ദിവസം പൂർത്തിയാകാത്തതിനാൽ റിമാൻഡിൽ തുടരുകയാണ്. കേസിലെ മറ്റൊരു പ്രതിയായ തന്ത്രി കണ്ഠര് രാജീവരുടെ 14 ദിവസ റിമാൻഡ് കാലാവധി ഇന്ന് അവസാനിക്കും. പ്രതിയുടെ റിമാൻഡ് നീട്ടി വാങ്ങും. ജനുവരി 28 നാണ് തന്ത്രിയുടെ ജാമ്യാപേക്ഷ പരിഗണിക്കുന്നത്.

## ട്വൻറി 20യിൽ പൊട്ടിത്തെറി; ഒരു വിഭാഗം കോൺഗ്രസിലേക്ക്

കൊച്ചി: ടwൻറി 20 എൻഡിഎയിൽ ചേർന്നതിൽ പ്രതിഷേധിച്ച് ഒരു വിഭാഗം പാർട്ടിവിടുന്നു.

വടവുകോട് ബ്ലോക്ക് പഞ്ചായത്ത് മുൻ പ്രസിഡന്റ് റസീന പരീത്, ഐക്കരനാട് പഞ്ചായത്ത് മുൻ അംഗം ജീൽ മാവേലിൽ, മഴുവന്നൂർ പഞ്ചായത്ത് മുൻ കോ-ഓർഡിനേറ്റർ രഞ്ജു പുളിഞ്ചോടൻ എന്നിവരാണ് കോൺഗ്രസിലേക്ക് എത്തുന്നത്. മൂന്നുപേരും സംയുക്തമായി നടത്തിയ വാർത്താസമ്മേളനത്തിൽ സാബു എം. ജേക്കബിനെ രൂക്ഷമായി വമർശിച്ചു.

യാതൊരു കൂടിയാലോചനയും ഇല്ലാതെയാണ് ടwൻറി 20 യെ എൻഡിയുടെ ഭാഗമാക്കാൻ തീരുമാനിച്ചത്. ബിജെപിയിലേക്കുള്ള റിക്രൂട്ടിംഗ് ഏജൻസിയായി പാർട്ടി മാറി. പാവപ്പെട്ടവർക്ക് സബ്സിഡി നൽകാനെന്ന പേരിൽ കൊണ്ടുവന്ന കാർഡിനു വേണ്ടിയുള്ള ഫോറത്തിൽ ജാതി, മത കോളങ്ങൾ ഉൾപ്പെടുത്തി. വരും ദിവസങ്ങളിൽ കൂടുതൽ പേർ പാർട്ടി വിട്ടു വരുമെന്നും ഇവർ പറഞ്ഞു

## മേയറെ സ്വീകരണ പരിപാടിയിൽനിന്ന് ഒഴിവാക്കിയത് പ്രതിഷേധാർഹമെന്ന് ശിവൻകുട്ടി

തിരുവനന്തപുരം: പ്രധാനമന്ത്രിയുടെ സന്ദർശനവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം മേയറെ സ്വീകരണ പരിപാടിയിൽ നിന്ന് ഒഴിവാക്കിയത് പ്രതിഷേധാർഹമാണെന്ന് മന്ത്രി വി. ശിവൻകുട്ടി. പ്രധാനമന്ത്രിയുടെ ഓഫീസിൽ നിന്ന് പറ്റിയ പിശകാണോ എന്നറിയില്ല. താനും മേയർ ആയിരുന്നു. പ്രധാനമന്ത്രിയെ മൂന്നാമത് സ്വീകരിക്കേണ്ടത് മേയറാണെന്നും അദ്ദേഹം പറഞ്ഞു.

ബിജെപി മേയർ പ്രധാനമന്ത്രിയെ ഔദ്യോഗിക വസ്ത്രം ധരിച്ച് സ്വീകരിക്കുമെന്നായിരുന്നു വാഗ്ദാനം. എന്നാൽ ഇക്കാര്യത്തിലെ ബിജെപിയുടെ വിശദീകരണം അംഗീകരിക്കാനാവില്ലെന്നും ശിവൻകുട്ടി പറഞ്ഞു.

വികസനം പ്രഖ്യാപിക്കുമെന്നായിരുന്നു ബിജെപിയുടെ അവകാശവാദം. എന്നാൽ വികസനത്തെ സംബന്ധിച്ച് ഒരക്ഷരം മിണ്ടാൻ പോലും പ്രധാനമന്ത്രി തയാറായില്ല. ബിജെപി ഗ്രൂപ്പിസമാണോ, വി. വി. രാജേഷിനോടുള്ള എതിർപ്പാണോ കാരണമെന്ന് അറിയില്ല.

തലസ്ഥാന നഗരിയോട് കാണിക്കുന്ന അവഗണനയാണ് മേയറെ സ്വീകരിക്കാൻ കൂട്ടാക്കാത്തത്. തലസ്ഥാന നഗരിയിലെ ജനങ്ങളെ പറഞ്ഞു പറ്റിക്കലാണ് ഇന്ന് ചെയ്തിരിക്കുന്നത്. 45 ദിവസത്തിനകം പ്രഖ്യാപിക്കുമെന്ന ബ്ലൂ പ്രിൻറ് ഒരു പക്ഷേ തെറ്റായി പ്രഖ്യാപിച്ചത് ആയിരിക്കാം.

ഇതിന് പ്രോട്ടോകോൾ മാന്വൽ ഉണ്ട്. അത് അനുസരിച്ചാണ് നടപ്പിലാക്കേണ്ടത്.

## കോടതിയിൽ ജഡ്ജിയോട് തർക്കിച്ച അഭിഭാഷകനെ രൂക്ഷമായി വിമർശിച്ച് സുപ്രീംകോടതി

ന്യൂഡൽഹി: കോടതിയിൽ ജഡ്ജിയോട് തർക്കിക്കുകയും മോശമായി പെരുമാറുകയും ചെയ്ത അഭിഭാഷകൻ മഹേഷ് തിവാരിക്കെതിരെ രൂക്ഷവിമർശനവുമായി സുപ്രീംകോടതി. ജസ്റ്റിസ് രാജേഷ് കുമാറുമായി തർക്കത്തിലേർപ്പെട്ട അഭിഭാഷകൻറെ നടപടി അംഗീകരിക്കാനാവില്ലെന്ന് കോടതി വ്യക്തമാക്കി.

'കോടതി എന്നെ എന്ത് ചെയ്യാനാണ് എന്ന രീതിയിലുള്ള മനോഭാവമാണ് ചില അഭിഭാഷകർ കാണിക്കുന്നതെന്ന് സുപ്രീംകോടതി നിരീക്ഷിച്ചു. നിയമസംവിധാനത്തോടുള്ള ആദരവ് നിലനിർത്താൻ ഇത്തരം പ്രവണതകൾ അനുവദിക്കാനാവില്ലെന്ന് ജസ്റ്റിസുമാരായ അഭയ് എസ്. ഓക്ക, അഗസ്റ്റിൻ ജോർജ് മസിഹ് എന്നിവരടങ്ങിയ ബെഞ്ച് പറഞ്ഞു.

ജാർഖണ്ഡ് ഹൈക്കോടതിയിലാണ് അഭിഭാഷകനായ മഹേഷ് തിവാരി ജസ്റ്റിസ് രാജേഷ് കുമാറുമായി വാക്കുതർക്കത്തിലേർപ്പെട്ടത്. ഈ സംഭവത്തിൽ തിവാരിക്കെതിരെ കോടതിയലക്ഷ്യ നടപടികൾ ആരംഭിച്ചിരുന്നു. ഇതിനെതിരെ അദ്ദേഹം നൽകിയ അപ്പീൽ പരിഗണിക്കുമ്പോഴാണ് സുപ്രീംകോടതിയിൽ നിന്ന് വിമർശനമുണ്ടായത്.

താൻ ഉപാധികളില്ലാതെ മാപ്പ് ചോദിക്കുന്നുവെന്ന് അഭിഭാഷകൻ അറിയിച്ചെങ്കിലും, കേസ് ഡയറിയിലെ പരാമർശങ്ങൾ തികച്ചും ഗൗരവകരമാണെന്ന് കോടതി ചൂണ്ടിക്കാട്ടി. ഒരു ജഡ്ജിക്കെതിരെ വ്യക്തിപരമായ ആക്ഷേപങ്ങൾ ഉന്നയിക്കുന്നത് തൊഴിൽപരമായ മാന്യതയ്ക്ക് നിരക്കാത്തതാണെന്നും കോടതി പറഞ്ഞു.

കോടതിയുടെ അന്തസ്സിനെ ചോദ്യം ചെയ്യുന്ന ഇത്തരം പെരുമാറ്റങ്ങൾ അനുവദിക്കില്ലെന്നും കോടതി മുറിക്കുള്ളിലെ പെരുമാറ്റച്ചട്ടങ്ങൾ എല്ലാവർക്കും ബാധകമാണെന്നും സുപ്രീംകോടതി ഓർമിപ്പിച്ചു.



# ഇന്ത്യൻ സൊസൈറ്റി ഓഫ് അനലിറ്റിക്കൽ സയന്റിസ്റ്റുകളുടെ 2025-ലെ വനിതാ ശാസ്ത്രജ്ഞ അവാർഡ് ഡോ. അനു ഗോപിനാഥിന്

2025-ലെ ഇന്ത്യൻ സൊസൈറ്റി ഓഫ് അനലിറ്റിക്കൽ സയന്റിസ്റ്റുകളുടെ (ISAS) വനിതാ ശാസ്ത്രജ്ഞ അവാർഡ് ഡോ. അനു ഗോപിനാഥിന് ലഭിച്ചു. 2026 ജനുവരി 22-ന് കർണാടകയിലെ ബെലഗാവിയിൽ നടന്ന ഇന്റർനാഷണൽ അനലിറ്റിക്കൽ സയൻസ് കോൺഗ്രസിലാണ് അവാർഡ് സമ്മാനിച്ചത്.

കേരള ഫിഷറീസ് സമുദ്ര പഠന സർവകലാശാലയിലെ (കുഫോസ്) അക്വാട്ടിക് എൻവയോൺമെന്റ് മാനേജ്മെന്റ് വിഭാഗം മേധാവിയാണ് ഡോ. അനു ഗോപിനാഥ്. കോമൺവെൽത്ത് ഫെലോയും മുന്ന് ഇന്ത്യൻ ആർട്ടിക് പര്യവേഷണങ്ങളിൽ പങ്കെടുത്തിട്ടുള്ള പ്രമുഖ ശാസ്ത്രജ്ഞയുമാണ്.

നാഷണൽ സെന്റർ ഫോർ പോളാർ ആൻഡ് ഓഷ്യൻ റിസർച്ച് (എൻസിപിഒആർ), ഇൻകോയിസ്, സ്പേസ് ആപ്ലിക്കേഷൻസ് സെന്റർ (ഐഎസ്ആർഒ), നാഷണൽ റിമോട്ട് സെൻസിംഗ് സെന്റർ (ഐഎസ്ആർഒ) തുടങ്ങിയ ദേശീയ സ്ഥാപനങ്ങളുടെ സഹകരണത്തിൽ സാമ്പത്തിക സഹായത്തോടെയുള്ള ഗവേഷണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. ഇന്ത്യൻ സൊസൈറ്റി ഓഫ് അനലിറ്റിക്കൽ സയന്റിസ്റ്റുകളുടെ ഓ



ണററി ഫെലോ കൂടിയാണ് ഡോ. അനു ഗോപിനാഥ്.കെമിക്കൽ സമുദ്ര ശാസ്ത്ര മേഖലയിൽ സാമ്പത്തിക സഹായത്തോടെയുള്ള ഗവേഷണ പദ്ധതികളിൽ നൽകിയ ശ്രദ്ധേയമായ സംഭാവനകൾക്കുള്ള അംഗീകാരമായാണ് അവാർഡ് നൽകിയത്. ഇന്ത്യൻ ആർട്ടിക് നയത്തെ അടിസ്ഥാനമാക്കി യുജിസി അംഗീകരിച്ച ഒരു മാസിവ് ഓപ്പൺ ഓൺലൈൻ കോഴ്സ് (MOOC) വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഇതുകൂടാതെ, കേരള സംസ്ഥാനത്തുടനീളമുള്ള വിവിധ സർവകലാശാലകൾക്കായി പരിസ്ഥിതി ശാസ്ത്രം, അനാലിറ്റിക്കൽ കെമിസ്ട്രി എന്നീ വിഷയങ്ങളിലായി 14 പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്.ഈ നേട്ടം കുഫോസിനും കേരളത്തിലെ ശാസ്ത്രസമൂഹത്തിനും അഭിമാനകരമാണെന്ന് സർവകലാശാല അധികൃതർ അറിയിച്ചു.



പ്രധാനമന്ത്രി നരേന്ദ്ര മോദിയ്ക്ക് തിരുവനന്തപുരം എയർപോർട്ട് ടെക്നിക്കൽ ഏരിയയിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ യാത്രയയപ്പ് നൽകുന്നു



തിരുവനന്തപുരത്ത് എത്തിയ പ്രധാനമന്ത്രി നരേന്ദ്ര മോദിയെ എയർപോർട്ട് ടെക്നിക്കൽ ഏരിയയിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കറും മുഖ്യമന്ത്രി പിണറായി വിജയനും സ്വീകരിക്കുന്നു

# കുഫോസിൽ ഫിഷറീസ് സ്റ്റാർട്ടപ്പ് & ആക്വാപ്രണേർഷിപ്പ് സ്റ്റേക്ക്ഹോൾഡേഴ്സ് മീറ്റ് സംഘടിപ്പിച്ചു

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഗ്രികൾച്ചറൽ എക്സ്റ്റൻഷൻ മാനേജ്മെന്റ് (MANAGE), ന്റെ കീഴിലുള്ള MANAGE-FISHയയും, കേരള ഫിഷറീസ് സമുദ്ര പഠന സർവകലാശാലയിലെ (KUFOS) ബിസിനസ് ഇൻക്യൂബേഷൻ സെന്ററും സംയുക്തമായി "ഫിഷറീസ് സ്റ്റാർട്ടപ്പ് & ആക്വാപ്രണേർഷിപ്പ് സ്റ്റേക്ക്ഹോൾഡേഴ്സ് മീറ്റ്" കുഫോസ് കൊച്ചി ക്യാമ്പസ്സിൽ സംഘടിപ്പിച്ചു.

ഇന്ത്യ ലോകത്തിലെ മത്സ്യ ഉൽപാദക മേഖലയിൽ മുൻപന്തിയിലുള്ള രാജ്യമായിട്ടും, ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയിൽ ഏറ്റവും കൂടുതൽ സാധ്യതകളുള്ള മേഖലയായിട്ടും, ഫിഷറീസ് സെക്ടറിലെ കെസിസി (KCC) ക്രെഡിറ്റ് സംവിധാനം പര്യാപ്തമായി ഉപയോഗിക്കപ്പെടുന്നില്ല എന്നതടക്കമുള്ള വെല്ലുവിളികൾ പരിപാടിയിൽ ചർച്ചയായി. ഈ പ്രശ്നങ്ങൾക്ക് ഫലപ്രദമായ പരിഹാരം സ്റ്റാർട്ടപ്പുകളിലൂടെ മാത്രമേ സാധ്യമാകൂ എന്നും, പുതിയ ആശയങ്ങളും സാങ്കേതിക വിദ്യകളും ഉപയോഗിച്ച് ഫിഷറീസ് മേഖലയെ മുന്നോട്ട് നയിക്കാൻ സ്റ്റാർട്ടപ്പുകൾക്ക് കഴിയും എന്നും വക്താക്കൾ അഭിപ്രായപ്പെട്ടു.

ഇത്രയും സാധ്യതകളുള്ള മേഖലയായിട്ടും മത്സ്യക്കുഞ്ഞ് ഉൽപാദനത്തിലും മത്സ്യത്തീറ്റ ഉൽപാദനത്തിലും സ്വയംപര്യാപ്തത കൈവരിക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള മത്സ്യങ്ങളും മത്സ്യത്തീറ്റയുമാണ് ഇപ്പോഴും വലിയ തോതിൽ ഉപയോഗിക്കുന്നത്. ഫിഷറീസ് മേഖലയിലെ സ്റ്റാർട്ടപ്പുകളുടെ എണ്ണം വളരെ കുറവാണ്. സംസ്ഥാനകേന്ദ്ര സർക്കാരുകൾ നൽകുന്ന നിരവധി പിന്തുണ പദ്ധതികൾ പോലും ശരിയായ രീതിയിൽ പ്രയോജനപ്പെടുത്തപ്പെടുന്നില്ല എന്നതും ചർച്ചയായി.

NABARD, കേരള ഫിഷറീസ് വകുപ്പ്, കേരള സ്റ്റാർട്ടപ്പ് മിഷൻ, ഗവേഷണ സ്ഥാപനങ്ങൾ, വ്യവസായ മേഖല, സ്റ്റാർട്ടപ്പ് സംരംഭകർ എന്നിവരങ്ങളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുത്തു. സമാപന സമ്മേളനത്തിൽ ഐസിഎആർസിഐഎഫ്ടി ഡയറക്ടർ ഡോ. ജോർജ് നൈനാൻ സംസാരിക്കുകയും സാങ്കേതികവിദ്യ അധിഷ്ഠിതവും വിപണി കേന്ദ്രീകൃതവുമായ മത്സ്യ സംരംഭങ്ങളുടെ പ്രാധാന്യം ചൂണ്ടിക്കാണിക്കുകയും ചെയ്തു. ഡോ കെ ദിനേശ്, ഡോ രാധിക രാജശ്രീ, ഡോ ശരവണൻ രാജ്, ജിനേഷ് മാത്യു, ശ്രീമതി ബേബി ഷീജ കോഹൂർ, ഇ മനോജ്, രാജേഷ് കെ, മനോജ് ശ്രീകണ്ഠ, അജീഷ് ബാലു, വൃന്ദ പി സുനിൽ എന്നിവർ പങ്കെടുത്തു.ഫിഷറീസ് മേഖലയിലെ സ്റ്റാർട്ടപ്പുകളെ മുന്നോട്ടുകൊണ്ടുവരുന്നതിൽ ഒരു നാഴികക്കല്ലായി ഈ സംഗമം മാറുമെന്ന് സംഘാടകർ പ്രതീക്ഷ പ്രകടിപ്പിച്ചു.

# ദുർഗ കാമിക്ക് വിട; കളമശേരി സഭ സെമിത്തേരിയിൽ അന്ത്യവിശ്രമം

കൊച്ചി: ഹൃദയമാറ്റ ശസ്ത്രക്രിയക്ക് വിധേയായ നേപ്പാൾ സ്വദേശി ദുർഗ കാമിയുടെ സംസ്കാരം കളമശേരി സഭ സെമിത്തേരിയിൽ നടന്നു.

എറണാകുളം ജില്ല ആശുപത്രിയിൽ ചികിത്സയിലായിരുന്ന ദുർഗ കാമി വ്യാഴാഴ്ച രാത്രിയാണ് മരണത്തിന് കീഴടങ്ങിയത്. ദുർഗയുടെ ശ്വാസകോശത്തിൻറെ പ്രവർത്തനം നിലയ്ക്കുകയും പിന്നാലെ ഹൃദയസ്തംഭനം ഉണ്ടാവുകയുമായിരുന്നു. കഴിഞ്ഞ മാസം 22ന് ആയിരുന്നു ദുർഗ കാമിക്ക് ഹൃദയം മാറ്റി വയ്ക്കൽ ശസ്ത്രക്രിയ നടത്തിയത്.

രാജ്യത്ത് ആദ്യമായി സർക്കാർ ജനറൽ ആശുപത്രിയിൽ നടന്ന ഹൃദയമാറ്റ ശസ്ത്രക്രിയയായിരുന്നു ദുർഗയുടേത്. ബൈക്കപകടത്തിൽ മസ്തിഷ്ക മരണം സംഭവിച്ച കൊല്ലം സ്വദേശി ഷിബുവിൻറെ ഹൃദയമാണ് ദുർഗയ്ക്കായി മാറ്റിവച്ചത്. ദുർഗയുടെ ആരോഗ്യനിലയിൽ പുരോഗതിയുണ്ടെന്ന് ശാസ്ത്രക്രിയയ്ക്ക് ശേഷവും ആശുപത്രി അധികൃതർ വ്യക്തമാക്കിയിരുന്നു. എന്നാൽ വ്യാഴാഴ്ച വൈകുന്നേരത്തോടു കൂടിയാണ് ആരോഗ്യനില മോശമായത്.

ജീവൻരക്ഷാ ഉപകരണങ്ങളുടെ പിന്തുണ കഴിഞ്ഞ ദിവസം മാറ്റുകയും ദുർഗ സാധാരണ നിലയിലേക്ക് എത്തുകയും ചെയ്തിരുന്നു. ഫിസിയോതെറാപ്പിയും ആരംഭിച്ചിരുന്നു. എന്നാൽ വ്യാഴാഴ്ച വൈകുന്നേരത്തോടെ ഫിസിയോ തെറാപ്പിക്കിടെ കുഴഞ്ഞുവീഴുകയായിരുന്നു. അപൂർവ ജനിതകരോഗം ബാധിച്ച് ഒരു വർഷമായി എറണാകുളം ജനറൽ ആശുപത്രിയിൽ ചികിത്സയിലായിരുന്നു ദുർഗ.

മലയാളിയായ ഡോക്ടർ മുഖേനയാണ് ദുർഗ കേരളത്തിലേക്ക് എത്തിയത്. നേരത്തേ ഇതേ ജനിതകരോഗം ബാധിച്ച് ദുർഗയുടെ അമ്മയും മൂത്ത സഹോദരിയും മരിച്ചിരുന്നു.

# കവറിൽ തന്നത് ഈന്തപ്പഴം; പോറ്റിയെ കുറിച്ച് കൂടുതലൊന്നും അറിയില്ലായിരുന്നുവെന്ന് അടൂർ പ്രകാശ്

തിരുവനന്തപുരം: ശബരിമല സ്വർണക്കൊള്ള കേസിൽ മുഖ്യപ്രതി ഉണ്ണികൃഷ്ണൻ പോറ്റിയെ നേരത്തെ അറിയില്ലായിരുന്നുവെന്ന് യുഡിഎഫ് കൺവീനർ അടൂർപ്രകാശ്.

2019ൽ ആറ്റിങ്ങൽ എംപിയായതിന് ശേഷമാണ് ആദ്യമായി പോറ്റി എന്നെ വന്ന് കണ്ടത്. ശബരിമലയിലെ അന്നദാനത്തിൽ പങ്കെടുക്കണമെന്ന് പറഞ്ഞ് ക്ഷണിച്ചു. അന്നദാനത്തിൽ പങ്കെടുക്കുകയും ചെയ്തു. അതുവരെ പോറ്റി ആരാണെന്നോ, കൊള്ളക്കാരനോ ആണെന്ന് അന്ന് അറിയില്ലായിരുന്നു.

പോറ്റിയുടെ പിതാവ് മരിച്ച ശേഷം പാർട്ടി പ്രവർത്തകർ പറഞ്ഞതിനനുസരിച്ച് പോയിരുന്നു. വെഞ്ഞാറംമൂട്ടിലെ ഉണ്ണികൃഷ്ണൻ പോറ്റിയുടെ സഹോദരിയുടെ വീട്ടിലും പോയിട്ടുണ്ട്. കെപിസിസിയുടെ ജനറൽ സെക്രട്ടറി രമണി. പി. നായർക്കൊപ്പമാണ് അന്ന് വീട്ടിൽ പോയത്.

പോറ്റി ബംഗളൂരുവിൽ വച്ച് കവറിൽ തന്നത് ഈന്തപ്പഴം ആയിരുന്നു. അപ്പോൾ തന്നെ അവിടെയുള്ള ആളുകൾക്ക് കൊടുത്തു. ബംഗളൂരുവിൽ ഉണ്ടെന്ന് അറിഞ്ഞാണ് പോറ്റി കാണാനെത്തിയത്. പോറ്റിയുടെ സഹോദരിയുടെ മകളുടെ ചടങ്ങിൻറെ ക്ഷണപത്രമാണ് അന്ന് കൈമാറിയതെന്നാണ് ഓർമ്മയെന്നും അടൂർ പ്രകാശ് പറഞ്ഞു.

പോറ്റിക്കൊപ്പം സോണിയ ഗാന്ധിയെ കാണാൻ പോയിട്ടുണ്ട്. സോണിയ ഗാന്ധിയെ കാണാൻ അനുമതി കിട്ടിയെന്നും, എംപിയെന്ന നിലയിൽ വരണമെന്നും പോറ്റി ആവശ്യപ്പെട്ടതിന് അനുസരിച്ചാണ് പോയത്.

സ്വന്തം മണ്ഡലത്തിലെ ആളുകളുടെ കല്യാണത്തിനും മറ്റ് ചടങ്ങുകൾക്കും താൻ പങ്കെടുക്കാറുണ്ടെന്നും, അവിടെ ഇല്ലാത്തപക്ഷം പിന്നീട് പോകുകയാണ് പതിവെന്നും അടൂർ പ്രകാശ് പറഞ്ഞു.

# കൊടും കുറ്റവാളികൾ, ജയിലിനുള്ളിൽ പ്രണയം മൊട്ടിട്ടു, വിവാഹത്തിന് ഹൈക്കോടതിയുടെ അനുമതി

ജയ്പുർ: രാജസ്ഥാനിൽ കാമുകിയുടെ ഭർത്താവിനെയും മക്കളെയും ബന്ധുവിനെയും കൊലപ്പെടുത്തിയ യുവാവും സമൂഹമാധ്യമങ്ങളിലൂടെ പരിചയപ്പെട്ടയാളെ കൊലപ്പെടുത്തിയ യുവതിയും വിവാഹിതരാകുന്നു.

കൊടും കുറ്റവാളികളായ പ്രിയ സേത്ത്-ഹനുമാൻ പ്രസാദ് എന്നിവരാണ് വധു വരൻമാർ. വിവാഹത്തിനായി ഹൈക്കോടതിയിൽ നിന്ന് ഇരുവർക്കും 15 ദിവസത്തെ പരോൾ അനുവദിച്ചു.

സമൂഹമാധ്യമങ്ങളിലൂടെ പരിചയപ്പെട്ട ദുഷ്യന്ത് ശർമ എന്ന യുവാവിനെ കൊലപ്പെടുത്തിയ കേസിൽ ജീവപര്യന്തം തടവിന് ശിക്ഷിക്കപ്പെട്ട് സങ്കനേർ ജയിലിൽ കഴിയുന്ന പ്രിയ, ആറ് മാസം മുന്പാണ് അതെ ജയിലിൽ വച്ച് ഹനുമാനെ പരിചയപ്പെടുന്നതും പ്രണയത്തിലായതും.

പോലീസിനെ ഭയന്ന് കൊല നടത്തിയ പ്രിയ സേത്ത്

ഡേറ്റിംഗ് ആപ്ലിക്കേഷനിലുടെയാണ് പ്രിയ, ദുഷ്യന്ത് ശർമയെ പരിചയപ്പെടുന്നത്. പരിചയപ്പെടാനെന്ന വ്യാജേന ബജാജ് നഗറിലെ ഒരു ഫ്ലാറ്റിലേക്ക് വിളിച്ചുവരുത്തിയ ദുഷ്യന്തിനെ ഭീഷണിപ്പെടുത്തി പണം തട്ടുകയായിരുന്നു പ്രിയയുടെ ലക്ഷ്യം. കാമുകൻറെയും മറ്റൊരാളുടെയും സഹായം പ്രിയക്ക് ലഭിച്ചിരുന്നു.

ഫ്ലാറ്റിലെത്തിയ ദുഷ്യന്തിനെ ഇവർ തടവിലാക്കി. തുടർന്ന് ദുഷ്യന്തിൻറെ പിതാവിനെ വിളിച്ച് മോചനദ്രവ്യമായി 10 ലക്ഷം രൂപ ആവശ്യപ്പെട്ടു. അദ്ദേഹം മൂന്ന് ലക്ഷം രൂപയാണ് കൈമാറിയത്.

തുടർന്ന് ദുഷ്യന്ത് പുറത്തിറങ്ങിയാൽ തങ്ങളെ പോലീസ് പിടികൂടുമെന്ന് ഭയപ്പെട്ട മൂവരും ചേർന്ന് ഇയാളെ കൊന്നു. മൃതദേഹം തിരിച്ചറിയാതിരിക്കാൻ മുഖത്ത് നിരവധി തവണ കുത്തികയും ഒരു സ്യൂട്ട്കേസിനുള്ളിൽ വച്ച് ആമേർ എന്ന കുന്നിൻ മുകളിൽ ഉപേക്ഷിക്കുകയും ചെയ്തു. അടുത്ത ദിവസം തന്നെ പോലീസ് മൃതദേഹം കണ്ടെത്തി പ്രിയയെയും സുഹൃത്തുകളെയും അറസ്റ്റ് ചെയ്തു.

കാമുകിക്ക് വേണ്ടി അഞ്ച് കൊല ചെയ്ത ഹനുമാൻ പ്രസാദ് 2017 ഒക്ടോബർ രണ്ടിനായിരുന്നു ഹനുമാൻ പ്രസാദ്, കാമുകിയുടെ ഭർത്താവിനെയും മൂന്ന് മക്കളെയും ബന്ധുവിനെയും കൊലപ്പെടുത്തിയത്. ഭർത്താവിനെ കൊല്ലാൻ യുവതി ഹനുമാനെ വിളിച്ചുവരുത്തുകയായിരുന്നു.

മൃഗങ്ങളെ കൊല്ലാൻ ഉപയോഗിക്കുന്ന കത്തി ഉപയോഗിച്ച് യുവതിയുടെ ഭർത്താവിനെ ഹനുമാൻ കൊലപ്പെടുത്തി. പിടിക്കപ്പെടാതിരിക്കാൻ കൊലപാതകം കണ്ടു നിന്ന മക്കളെയും ബന്ധുവിനെയും കൂടി കൊന്നു. ഏറെ ഞെട്ടലുണ്ടാക്കിയ സംഭവവമായിരുന്നു ഇത്.

# പീഡനക്കേസിലെ പ്രതി പോലീസ് സ്റ്റേഷനിൽ ജീവനൊടുക്കി

മുംബൈ: മഹാരാഷ്ട്രയിലെ നാഗ്പുരിൽ പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ തട്ടിക്കൊണ്ടുപോയി ലൈംഗീകമായി പീഡിപ്പിച്ച കേസിൽ അറസ്റ്റിലായ പ്രതി പോലീസ് സ്റ്റേഷനിൽ ജീവനൊടുക്കി.

നാഗേന്ദ്രകുമാർ ഭാരതീയ (19) എന്ന കൗമാരക്കാരനാണ് മരിച്ചത്. പോക്സോ കേസ് പ്രകാരമാണ് ഇയാളെ അറസ്റ്റ് ചെയ്തത്.

അവസാന വർഷ ബിരുദ വിദ്യാർഥിയായ നാഗേന്ദ്ര കുമാർ സമൂഹമാധ്യമങ്ങളിലൂടെ പെൺകുട്ടിയെ പരിചയപ്പെടുകയും വിവാഹാഭ്യർഥന നടത്തുകയും ചെയ്തു. തുടർന്ന് ഇരുവരും ഉത്തർപ്രദേശിലെ പ്രയാഗ്‌രാജിലേക്ക് പോവുകയും ചെയ്തു.

അവിടെവച്ച് പെൺകുട്ടിയെ നാഗേന്ദ്രകുമാർ പീഡിപ്പിച്ചു. ഇരുവരെയും പോലീസ് പ്രയാഗ്‌രാജിൽ നിന്ന് കണ്ടെത്തുകയും നാഗേന്ദ്രകുമാറിനെ കസ്റ്റഡിയിലെടുക്കുകയും ചെയ്തിരുന്നു. ഇയാൾ പുതപ്പ് ഉപയോഗിച്ചാണ് തൂങ്ങി മരിച്ചത്.

വിവരമറിഞ്ഞ നാഗേന്ദ്രകുമാറിൻറെ മാതാവ് പോലീസ് സ്റ്റേഷന് മുന്നിൽ കുഴഞ്ഞുവീണു. ഇയാളുടെ കുടുംബം പോലീസുകാർക്കെതിരെ ഗുരുതരമായ ആരോപണങ്ങൾ ഉന്നയിക്കുന്നുണ്ട്.

# സപ്ലൈകോ സിഗ്നേച്ചർ മാർട്ടുകൾ എല്ലാ ജില്ലകളിലേക്കും

## സബ്സിഡി സാധനങ്ങൾക്ക് പുറമെ നിത്യോപയോഗ സാധനങ്ങൾ വിലക്കുറവിൽ ലഭിക്കും

കോർപ്പറേറ്റ് റീട്ടെയിൽ വില്പനശാലകളോട് കിടപിടിക്കുന്ന അത്യാധുനിക സൗകര്യങ്ങളുമായി സപ്ലൈകോയുടെ 'സിഗ്നേച്ചർ മാർട്ട്' ഈ വർഷം എല്ലാ ജില്ലകളിലും നിലവിൽ വരും.

ഉപഭോക്താക്കൾക്ക് ആധുനിക രീതിയിലുള്ള ഷോപ്പിംഗ് അനുഭവം പ്രദാനം ചെയ്യുന്നതിനൊപ്പം പ്രമുഖ കോർപ്പറേറ്റ് റീട്ടെയിൽ ശൃംഖലകൾ നൽകുന്നതിന് സമാനമായ സേവനങ്ങൾ സർക്കാർ വിപണിയിലൂടെ ലഭ്യമാക്കുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

സബ്സിഡി സാധനങ്ങൾക്ക് പുറമെ നിത്യോപയോഗ സാധനങ്ങൾ വിലക്കുറവിൽ ലഭ്യമാകുമെന്നതും സിഗ്നേച്ചർ മാർട്ടുകളുടെ പ്രത്യേകതയാണ്.

ബ്രാൻഡഡ് ഉൽപ്പന്നങ്ങളും റഫ്രിജറേറ്റഡ് ഉൽപ്പന്നങ്ങളും മാർട്ടുകളിൽ ലഭ്യമാകും. സപ്ലൈകോയുടെ തിരഞ്ഞെടുത്ത സൂപ്പർമാർക്കറ്റുകൾ സ്വകാര്യ പങ്കാളിത്തത്തോടെ നവീകരിച്ചാണ് സിഗ്നേച്ചർ മാർട്ടുകളാക്കി മാറ്റുന്നത്.

കോട്ടയത്തും എറണാകുളത്തുമാണ് ഉടൻതന്നെ സിഗ്നേച്ചർ മാർട്ടുകൾ പ്രവർത്തനമാരംഭിക്കുക.

കോട്ടയത്ത് തിരുനക്കര മൈതാനത്തിന് എതിർവശത്തുള്ള സപ്ലൈകോ ഹൈപ്പർമാർക്കറ്റും എറണാകുളം കടവന്ത്ര ഗാന്ധിനഗറിലെ സപ്ലൈകോ കേന്ദ്ര കാര്യാലയത്തോട് ചേർന്നുള്ള ഹൈപ്പർമാർക്കറ്റുമാണ് പദ്ധതിയുടെ ഭാഗമാകുന്നത്. ഇതിൽ കോട്ടയത്തെ മാർട്ടിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ അവസാനഘട്ടത്തിലാണ്.

പദ്ധതിയുടെ ഭാഗമായുള്ള സംസ്ഥാനത്തെ ആദ്യ സിഗ്നേച്ചർ മാർട്ട് തലശ്ശേരിയിൽ ജനുവരി 10ന് ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി ജി.ആർ. അനിൽ ഉദ്ഘാടനം ചെയ്തിരുന്നു.

തലശ്ശേരി നഗരത്തിലെ സപ്ലൈകോ ഹൈപ്പർമാർക്കറ്റാണ് ഇത്തരത്തിൽ സിഗ്നേച്ചർ മാർട്ടായി മാറിയത്. ഗ്ലോബൽ ഇന്നവേറ്റീവ് ടെക്നോളജീസ് ഡിസൈൻ ചെയ്ത തലശ്ശേരി നഗരത്തിലെ സിഗ്നേച്ചർ മാർട്ട് സപ്ലൈകോ യാഥാർത്ഥ്യമാക്കിയത് ടീം തായിയുമായി സഹകരിച്ചാണ്.

# ഭൂപടം മാറ്റി വരയ്ക്കേണ്ടി വരും! വിള്ളൽ കൂടുന്നു,ആഫ്രിക്ക പിളരുന്നു

ന്യൂയോർക്ക്: കോടിക്കണക്കിനു വർഷങ്ങൾക്കിടയിൽ ഭൂമിയിലെ വൻകരകൾ തമ്മിൽ ചേരുകയും വേർപെടുകയും ചെയ്തിട്ടുണ്ട്. ഈ പ്രതിഭാസങ്ങളെക്കുറിച്ചെല്ലാം വലിയ പഠനങ്ങളുമുണ്ടായിട്ടുണ്ട്. എന്നാൽ, ഇപ്പോൾ ശാസ്ത്രലോകം ആകാംക്ഷയോടെ ഉറ്റുനോക്കുന്നത് ആഫ്രിക്കൻ ഭൂഖണ്ഡത്തിലേക്കാണ്. ആഫ്രിക്ക പതുക്കെ രണ്ടായി പിളരുകയാണെന്നും അവിടെ ഒരു പുതിയ സമുദ്രം രൂപപ്പെടാൻ പോകുകയാണെന്നുമാണ് ഏറ്റവും പുതിയ പഠനങ്ങൾ സൂചിപ്പിക്കുന്നത്.

ആഫ്രിക്കൻ റിഫ്റ്റ്

കിഴക്കൻ ആഫ്രിക്കൻ റിഫ്റ്റ് എന്നറിയപ്പെടുന്ന ഭീമാകാരമായ വിള്ളലാണ് ഈ മാറ്റത്തിനു കാരണമെന്ന് ഗവേഷകർ. ഏകദേശം 25 ദശലക്ഷം വർഷങ്ങൾക്ക് മുമ്പ് ആരംഭിച്ച ഈ പ്രക്രിയയിലൂടെ ആഫ്രിക്കയുടെ കിഴക്കൻ ഭാഗം (സൊമാലിയൻ പ്ലേറ്റ്), പ്രധാന ഭൂഖണ്ഡത്തിൽ (നുബിയൻ പ്ലേറ്റ്) നിന്ന് സാവധാനം അകലുകയാണ്. എത്യോപ്യ മുതൽ മൊസാംബിക് വരെ ഏകദേശം 3,500 കിലോമീറ്ററോളം നീളത്തിലാണ് ഈ വിള്ളൽ പടർന്നുകിടക്കുന്നത്.

ഈ ഭൂമിശാസ്ത്രപരമായ മാറ്റത്തിൻറെ പ്രധാന കേന്ദ്രം എത്യോപ്യയിലെ അഫാർ മേഖലയാണ്. -ട്രിപ്പിൾ ജംഗ്ഷൻ- എന്നു വിളിക്കപ്പെടുന്ന ഇവിടെ മൂന്ന് ടെക്റ്റോണിക് പ്ലേറ്റുകളാണ് (അറേബ്യൻ, നുബിയൻ, സൊമാലിയൻ) പരസ്പരം വേർപിരിയുന്നത്. നിലവിൽ ചെങ്കടലും ഏഡൻ ഉൾക്കടലും ഈ വിള്ളലുകളിലൂടെയാണ് രൂപപ്പെട്ടത്. ഇപ്പോൾ ആഫ്രിക്കൻ ഭൂഖണ്ഡത്തിനുള്ളിലേക്കും ഈ വിള്ളൽ വ്യാപിക്കുകയാണ്.

പുതിയ സമുദ്രം രൂപപ്പെടും ഈ പ്രക്രിയ വളരെ പതുക്കെയാണ് നടക്കുന്നത്. ഏകദേശം ഒരു വർഷംകൊണ്ട് ഏതാനും മില്ലിമീറ്ററുകൾ മാത്രമാണ് പ്ലേറ്റുകൾ അകലുന്നത്. എന്നാൽ, കാലക്രമേണ ഭൂമിയുടെ പാളികൾ നേർത്തുവരികയും സമുദ്രനിരപ്പിന് താഴെയാവുകയും ചെയ്യും. ഈ വിള്ളലുകളിലേക്കു കടൽവെള്ളം ഇരച്ചുകയറുന്നതോടെ ആഫ്രിക്കയുടെ ഒരു ഭാഗം വലിയൊരു ദ്വീപായി മാറുകയും ഇടയിൽ പുതിയൊരു സമുദ്രം രൂപപ്പെടുകയും ചെയ്യും. ലക്ഷക്കണക്കിനു വർഷങ്ങൾ കഴിയുമ്പോൾ, ഇന്നത്തെ ആഫ്രിക്കൻ ഭൂഖണ്ഡത്തിൻറെ ഭൂപടം പൂർണമായും മാറും.

മനുഷ്യനെ ബാധിക്കുമോ നമുക്കു പെട്ടെന്നു തിരിച്ചറിയാൻ കഴിയില്ലെങ്കിലും ഈ മാറ്റം ഭൂമിക്കടിയിൽ വലിയ ചലനങ്ങൾ ഉണ്ടാക്കുന്നുണ്ട്. പ്ലേറ്റുകൾ അകലുമ്പോൾ ഈ മേഖലയിൽ ഭൂകമ്പങ്ങൾ ഉണ്ടാകാനുള്ള സാധ്യത വർധിക്കുന്നു. അഗ്നിപർവത സ്ഫോടനങ്ങൾക്കു കാരണമായേക്കാം തുടങ്ങിയ വെല്ലുവിളികൾ നേരിടേണ്ടിവരും.

ശാസ്ത്രജ്ഞരുടെ അഭിപ്രായത്തിൽ, ഒരു പുതിയ സമുദ്രം പൂർണമായി രൂപപ്പെടാൻ ഇനിയും ദശലക്ഷക്കണക്കിനു വർഷങ്ങൾ എടുത്തേക്കാം. നിലവിൽ വടക്കൻ മേഖലകളിലാണ് വിള്ളലിൻറെ വേഗം കൂടുതലായി കണ്ടുവരുന്നത്. എന്നാൽ, പ്രകൃതിയുടെ ഈ മഹാമാറ്റം വരും തലമുറകൾക്കു മുന്നിൽ ഒരു പുതിയ ലോകഭൂപടംതന്നെ തുറന്നിടും എന്നതിൽ സംശയമില്ല.

# കളിക്കുന്നതിനിടെ കാറിടിച്ചു; അഞ്ച് വയസുകാരന് ദാരുണാന്ത്യം

മുംബൈ: പുനെയിൽ കളിക്കുന്നതിനിടെ കാറിടിച്ച് അഞ്ച് വയസുകാരൻ മരിച്ചു. നിഷ്കർഷ് അശ്വത് സ്വാമി എന്ന കുട്ടിയാണ് മരിച്ചത്.

റസിഡൻഷ്യൽ സൊസൈറ്റിയുടെ പരിസരത്ത് കുട്ടി കളിക്കുന്നതിനിടെ പെട്ടെന്നെത്തിയ കാർ ഇടിക്കുകയായിരുന്നു. കാറോടിച്ചയാൾ ഉടൻതന്നെ കുട്ടിയെ ആശുപത്രിയിൽ കൊണ്ടുപോയെങ്കിലും മരണസംഭവിച്ചു.

കുട്ടിയുടെ പിതാവ് അശ്വത് നാരായൺ സ്വാമിയുടെ പരാതിയുടെ അടിസ്ഥാനത്തിൽ പോലീസ് ഡ്രൈവർക്കെതിരെ കേസെടുത്തിട്ടുണ്ട്.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.